പള്ളിപ്പുറത്തും ചേർത്തലയിലും ഹാന്റ്ലൂമിനും പവ്വർലൂമിനും പ്രത്യേക സാമ്പത്തിക മേഖല

142 [1319] *ശ്രീ. കെ. മുഹമ്മദാലി:*
„ *സി. പി. മുഹമ്മദ്:*
„ *വി. ജെ. പൗലോസ്:*
ശ്രീമതി മേഴ്സി രവി:

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറം-ചേർത്തല ഹാൻഡ്ലൂമിനും പവ്വർലൂമിനും പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) അതിനുള്ള സ്കീം കേന്ദ്രത്തിന് സമർപ്പിച്ചുവോ; എങ്കിൽ അതിന് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചുവോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം

143 [1320] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ ജീവനക്കാർക്ക് ഏറ്റവും ഒടുവിൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയതെന്നാണ്;

(ബി) സർക്കാർ നടപ്പിലാക്കിയ ശമ്പള പരിഷ്ക്കരണം ടെക്സ്റ്റൈൽ കോർപ്പറേഷനിലെ ജീവനക്കാർക്ക് ഇതുവരെ നടപ്പിലാക്കിയിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly